(ഇ) എന്നത്തേയ്ക്ക് ഈ സ്കൂൾ ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്;

(എഫ്) സ്പോർട്സ് സ്കൂൾ പണിയാൻ ഇക്കൊല്ലം തന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) തളിപ്പറമ്പുതാലൂക്കിൽ മൊറാഴ എന്ന സ്ഥലത്ത് 10 ഏക്കർ സ്ഥലം ഈ ആവശ്യത്തിനായി അക്വയർ ചെയ്തു കഴിഞ്ഞു. കെട്ടിടങ്ങളും കളിസ്ഥലങ്ങളും ഉണ്ടാക്കിയതിനുശേഷം മാത്രമേ സ്കൂൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. അതിനു വേണ്ട നടപടികൾ എടുത്തു കൊണ്ടിരിക്കുന്നു.

(ഡി) സ്കൂളിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുക, കെട്ടിടം, കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുക എന്നീ പ്രാഥമിക കാര്യങ്ങൾ പൂർത്തിയാക്കിയശേഷമേ സ്കൂൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതാണ് സ്കൂൾ തുടങ്ങാൻ കാലതാമസത്തിനുള്ള കാരണം.

(ഇ) പ്രാരംഭ നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ സ്കൂൾ ആരംഭിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(എഫ്) വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

നടുവിൽ കേന്ദ്രമായി ജൂനിയർ ടെക്നിക്കൽ സ്കൂൾ

465 [504] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നടുവിൽ കേന്ദ്രമായി ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ തുടങ്ങുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ അദ്ധ്യയനവർഷം തന്നെ ഈ സ്കൂൾ ആരംഭിക്കുവാൻ കഴിയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ തുടങ്ങാൻ ആവശ്യമായ തസ്തികകൾ അനുവദിച്ചുകഴിഞ്ഞു.

(സി) ഈ അദ്ധ്യയനവർഷം തന്നെ സ്കൂൾ ആരംഭിക്കുന്നതാണ്.

സ്കൂളുകളിൽ ഉച്ചഭക്ഷണം

466 [505] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര സ്കൂളുകളിൽ എത്ര കുട്ടികൾക്കു ഉച്ചഭക്ഷണം നൽകുന്നുണ്ട്;

(ബി) ഇതുമൂലം ഗവൺമെൻറിനു വരുന്ന ചെലവെത്ര;

LIBRARY ARCHIVES Kerala Legislative Assembly